സുപ്രഭാതം

# ഫാർമസി വിദ്യാർഥികളുടെ സംസ്ഥാന സമ്മേളനം സംഘടിപ്പിച്ചു

**കൊച്ചി**▸ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ വിദ്യാർഥികളുടെ സംസ്ഥാന സമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ഫാർമസി കോളജുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർഥികളും കൊച്ചി അമൃത ഹെൽത്ത് സയൻസസ് കാംപസിൽ നടന്ന ദ്വിദിന സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തു. മുൻ കേരള പി.എസ്.സി ചെയർമാനും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ.എസ് രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐ.പി.എ കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡൻറ് ഡോ. ജയശേഖർ പി. അധ്യക്ഷനായി. അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം, ഐ.പി.എ കേരള സ്റ്റേറ്റ് ബ്രാഞ്ച് സെക്രട്ടറി ഡോ. ജോൺ ജോസഫ്, വൈസ് പ്രസിഡന്റ് എം.പി ജോർജ്, ഐ.പി.എ അംഗം പ്രദീപ് എം.ആർ, ഐ.പി.എ.എസ്.എഫ് നാഷനൽ എക്സിക്യൂട്ടിവ് കമ്മിറ്റി സെക്രട്ടറി എസ്. രാജലക്ഷ്മി പങ്കെടുത്തു.

വിദ്യാർഥികൾക്കുള്ള വിവിധ കലാ കായിക മത്സരങ്ങളും സമ്മേളനത്തിൻറെ ഭാഗമായി അമൃത ഹെൽത്ത് സയൻസസ് കാംപസിൽ സംഘടിപ്പിച്ചിരുന്നു. കോർപ്പറേറ്റ് മെൻറർ വിഷ്ണു ലോണ ജേക്കബ്, അമൃത സ്കൂൾ ഓഫ് സ്പിരിച്വൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ബ്രഹ്മചാരി ശിവാനന്ദൻ ഡി.എസ്. എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്ക് മോട്ടിവേഷൻ സെഷനുകളും സംഘടിപ്പിച്ചു. സമാപന സമ്മേളനം സിനിമാ താരം ടിനി ടോം ഉദ്ഘാടനം ചെയ്തു.

സുപ്രഭാതം
സുപ്രഭാതം

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

# ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ സംസ്ഥാന സമ്മേളനം നടന്നു

**കൊച്ചി:** ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ വിദ്യാർത്ഥികളുടെ സംസ്ഥാന സമ്മേളനം അമൃതയിൽ നടന്നു. സംസ്ഥാനത്തെ വിവിധ ഫാർമസി കോളേജുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും കൊച്ചി അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ വെച്ച് നടന്ന ദ്വിദിന സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തു. കേരള പി. എസ്. സി മുൻ ചെയർമാനും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ. എസ്. രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡന്റ് ഡോ. പി. ജയശേഖർ ചടങ്ങിന് അധ്യക്ഷത വഹിച്ചു.

അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത, ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് സെക്രട്ടറി ഡോ. ജോൺ ജോസഫ്, വൈസ് പ്രസിഡന്റ് എം. പി ജോർജ്, ഐപിഎ അംഗം എം.ആർ പ്രദീപ്, ഐപിഎഎസ്എഫ് നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി സെക്രട്ടറി എസ്. രാജലക്ഷ്മി എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. വിദ്യാർഥികൾക്കുള്ള വിവിധ കലാ, കായിക മത്സരങ്ങളും സമ്മേളനത്തിന്റെ ഭാഗമായി അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ സംഘടിപ്പിച്ചിരുന്നു. കോർപ്പറേറ്റ് മെന്റർ വിഷ്ണു ലോണ ജേക്കബ്, അമൃത സ്കൂൾ ഓഫ് സ്പിരിചൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ബ്രഹ്മചാരി ഡി. എസ് ശിവാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്ക് മോട്ടിവേഷൻ സെഷനുകളും സംഘടിപ്പിച്ചു. സമാപന സമ്മേളനം സിനിമാ താരം ടിനി ടോം ഉദ്ഘാടനം ചെയ്തു.



മെട്രോ വാർത്ത




അമൃതയിൽ നടന്ന ഫാർമസി മേഖലയിലെ വിദ്യാർഥികളുടെ സംസ്ഥാന സമ്മേളനത്തിൽ സിനിമാതാരം ടിനി ടോം സംസാരിക്കുന്നു.

# ഫാർമസി മേഖലയിലെ വിദ്യാർഥികളുടെ സംസ്ഥാന സമ്മേളനത്തിന് വേദിയായി അമൃത

കൊച്ചി: ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ വിദ്യാർത്ഥികളുടെ കേരള സംസ്ഥാന സമ്മേളനം അമൃതയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ഫാർമസി കോളെജുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും കൊച്ചി അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ നടന്ന ദ്വിദിന സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തു. മുൻ കേരള പി. എസ്. സി ചെയർമാനും കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ. എസ്. രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡന്റ് ഡോ. ജയശേഖർ പി. ചടങ്ങിന് അധ്യക്ഷത വഹിച്ചു. അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം., ഡോ. ജോൺ ജോസഫ്, വൈസ് പ്രസിഡന്റ് എം.പി. ജോർജ്, ഐപിഎ അംഗം പ്രദീപ് എം.ആർ., ഐപിഎഎസ്എഫ് നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി സെക്രട്ടറി രാജലക്ഷ്മി എസ്. എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. വിദ്യാർഥികൾക്കുള്ള വിവിധ കലാ കായിക മത്സരങ്ങളും സമ്മേളനത്തിന്റെ ഭാഗമായി അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ സംഘടിപ്പിച്ചിരുന്നു. കോർപ്പറേറ്റ് മെന്റർ വിഷ്ണു ലോണ ജേക്കബ്, അമൃത സ്കൂൾ ഓഫ് സ്പിരിച്വൽ ആൻഡ് കൾച്ചറൽ സ്റ്റഡീസ് വിഭാഗം അസി. പ്രൊഫ. ബ്രഹ്മചാരി ശിവാനന്ദൻ ഡി. എസ്. എന്നിവർ വിദ്യാർഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് നടത്തി. സമാപന സമ്മേളനം പ്രശസ്ത സിനിമാ താരം ടിനി ടോം ഉദ്ഘാടനം ചെയ്തു.

Metro Vaartha Ernakulam Edition
Nov 19, 2025 Page No. 11
Powered by: erelego.com

മലയാള മനോരമ




കൊച്ചിയിൽ ഫാർമസി മേഖലയിലെ വിദ്യാർഥികളുടെ സംസ്ഥാന സമ്മേളനത്തിന്റെ സമാപന യോഗം സിനിമാനടൻ ടിനി ടോം ഉദ്ഘാടനം ചെയ്യുന്നു.

# ഫാർമസി വിദ്യാർഥി സംസ്ഥാന സമ്മേളനം

കൊച്ചി● ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ അമൃതയിൽ സംഘടിപ്പിച്ച ഫാർമസി വിദ്യാർഥികളുടെ സംസ്ഥാന സമ്മേളനം കാലടി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കേരള ബ്രാഞ്ച് പ്രസിഡന്റ് ഡോ. പി. ജയശേഖർ അധ്യക്ഷത വഹിച്ചു.

മോട്ടിവേഷൻ സെഷനുകളും വിദ്യാർഥികളുടെ കലാ, കായിക മത്സരങ്ങളും നടത്തി. സമാപന സമ്മേളനം നടൻ ടിനി ടോം ഉദ്ഘാടനം ചെയ്തു.

കേരള കൗമുദി
SINCE 1911
Ernakulam 19 Nov 2025




# വിദ്യാർത്ഥികളുടെ സമ്മേളനം

കൊച്ചി: ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ വിദ്യാർത്ഥികളുടെ സംസ്ഥാന സമ്മേളനം അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിൽ പി.എസ്.സി മുൻ ചെയർമാനും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ. ജയശേഖർ പി. അദ്ധ്യക്ഷത വഹിച്ചു. ഡോ. സബിത എം., ഡോ. ജോൺ ജോസഫ്, എം.പി. ജോർജ്ജ്, പ്രദീപ് എം.ആർ., രാജലക്ഷ്മി എസ്. എന്നിവർ പങ്കെടുത്തു. വിഷ്ണു ലോണ ജേക്കബ്, അസിസ്റ്റന്റ് പ്രൊഫ. ബ്രഹ്മചാരി ശിവാനന്ദൻ ഡി.എസ് എന്നിവർ മോട്ടിവേഷൻ സെഷനുകൾ സംഘടിപ്പിച്ചു. സമാപന സമ്മേളനം സിനിമാ താരം ടിനി ടോം ഉദ്ഘാടനം ചെയ്തു.

ദീപിക
DEEPIKA, THE FIRST MALAYALAM DAILY ESTABLISHED 1887




ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ സമാപന ചടങ്ങ് ടിനി ടോം ഉദ്ഘാടനം ചെയ്യുന്നു.

# ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ സംസ്ഥാന സമ്മേളനം

**കൊച്ചി:** ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ സംസ്ഥാന സമ്മേളനം കൊച്ചി അമൃത ഹെൽത്ത് സയൻസസ് കാമ്പസിൽ നടന്നു. സംസ്ഥാനത്തെ വിവിധ ഫാർമസി കോളജുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർഥികളും ദ്വിദിന സമ്മേളനത്തിൽ പങ്കെടുത്തു.

പിഎസ്‌സി മുൻ ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡന്റ് ഡോ. പി. ജയശേഖർ അധ്യക്ഷത വഹിച്ചു. അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത എം, ഡോ. ജോൺ ജോസഫ്, എം.പി. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ കലാ, കായിക മത്സരങ്ങളും മോട്ടിവേഷൻ സെഷനുകളും ഉണ്ടായിരുന്നു. സമാപന സമ്മേളനം നടൻ ടിനി ടോം ഉദ്ഘാടനം ചെയ്തു.